LIBRARY ARCHIVES Kerala Legislative Assembly

അങ്കമാലി എക്സൈസ് ഓഫീസ്

155 (1981) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകൾ മിനിസിവിൽ സ്റ്റേഷനിലേക്ക് മാറ്റുമ്പോൾ ഒഴിവായി കിട്ടുന്ന സ്ഥലത്ത് നിർമ്മിക്കാവുന്ന പുതിയ കെട്ടിടത്തിലേക്ക് അങ്കമാലി എക്സൈസ് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷകളിൻ മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ;

(ബി) മിനി സിവിൽ സ്റ്റേഷന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി എക്സൈസ് ഓഫീസിന്റെ പ്രവർത്തനം താല്കാലികമായി മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 25-11-2011-ലെ റവന്യൂ വകുപ്പിന്റെ ജി.ഒ. (എംഎസ്.) നമ്പർ 431/2011/റവന്യൂ ഉത്തരവുപ്രകാരം നിലവിൽ എക്സൈസ് ഓഫീസ് പ്രവർത്തിക്കുന്ന അങ്കമാലി വില്ലേജിൽ, ബ്ലോക്ക് നമ്പർ 11-ൽ സർവ്വേ നമ്പർ 581/3-ൽ 13.40 ആർ സ്ഥലം എക്സൈസ് വകുപ്പിന്റെ പേരിൽ തനതായി കൈമാറ്റം ചെയ്ത് കിട്ടിയിട്ടുണ്ട്. ടി സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 162 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി&സി) അങ്കമാലി എക്സൈസ് റേഞ്ച് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന സ്ഥലത്ത് നിലനിർത്തുന്നതുമൂലം സിവിൽ സ്റ്റേഷന്റെ പ്രവർത്തനത്തെ ഒരു തരത്തിലും ബാധിക്കുമെന്ന് കരുതുന്നില്ല.

വ്യാജമദ്യ നിർമ്മാണം

156 (1982) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫൈവ് സ്റ്റാർ ഒഴികെയുള്ള ബാറുകൾ നിർത്തലാക്കിയതിനെത്തുടർന്ന് വ്യാജമദ്യ നിർമ്മാണം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഫൈവ് സ്റ്റാർ ഒഴികെയുള്ള ബാറുകൾ നിർത്തലാക്കിയതിനെത്തുടർന്ന് വ്യാജമദ്യ നിർമ്മാണം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേന്ദ്രഭരണ പ്രദേശമായ മാഹി, അയൽസംസ്ഥാനങ്ങളായ കർണ്ണാടക, ഗോവ, തമിഴ്നാട്, തുടങ്ങിയ സ്ഥലങ്ങളിൽ മാത്രം വിൽക്കപ്പെടുവാനുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യവും അയൽ സംസ്ഥാനങ്ങളിൽനിന്നും സ്പിരിറ്റും കേരളത്തിലേക്ക് കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള കള്ളക്കടത്ത് കണ്ടുപിടിച്ച് എക്സൈസ് വകുപ്പ് അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്ത് വരുന്നുണ്ട്.

വ്യാജമദ്യത്തിന്റെ ഉല്പാദനവും വിതരണവും തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഡിവിഷനുകളിലും ഊർജ്ജിതമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം വകുപ്പ് നടത്തിവരുന്നു. നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ എല്ലാ ഡിവിഷനുകളിലും രാത്രികാല വാഹനപരിശോധന നടത്തുന്നതിനും പട്രോളിംഗിനുമായി സ്ക്വെക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. പകലും രാത്രിയും വിവിധ എക്സൈസ് പാർട്ടികൾ ദേശീയപാതയിലും മറ്റ പ്രധാന റോഡുകളിലും വാഹനപരിശോധന നടത്തുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും വ്യാജമദ്യത്തിന്റെ നിർമ്മാണം, വില്പന എന്നിവ സംബന്ധിച്ച് ഇന്റലിജൻസ് വിവരം ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ജനകീയ കമ്മിറ്റികൾ യഥാസമയം കൂടിയും പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേൽ പരിശോധന നടത്തിയും വ്യാജമദ്യ വില്പനക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

ധനമുഖ വകുപ്പിന് അനുവദിച്ച പദ്ധതികൾ

157 (1984) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14-ലെ ബഡ്ജറ്റിൽ ധനമുഖ വകുപ്പിന് പ്രഖ്യാപിച്ച പുതിയ പദ്ധതികൾക്ക് ഓരോന്നിനുമായി വകയിരുത്തപ്പെട്ട തുക എത്ര ; അനുവദിക്കപ്പെട്ട തുക എത്രയെന്നും അവശേഷിക്കുന്ന തുക എത്രയെന്നും വ്യക്തമാക്കാമോ ;